**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4260** **18-07-2022 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പന്നങ്ങൾക്ക് വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ വ്യവസായ സംഘങ്ങളിലും കയർഫെഡിലും കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കയർ വ്യവസായ സഹകരണ സംഘങ്ങളിൽ കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയർഫെഡിൽ കയർ ഉല്പന്നങ്ങൾ ഒന്നും തന്നെ കെട്ടിക്കിടക്കുന്നില്ല. |
| (ബി) | കയർ മേഖലയിലെ ആധുനികവത്ക്കരണത്തിലൂടെ ഉല്പാദനം വർദ്ധിച്ചെങ്കിലും ആവശ്യക്കാരില്ലാതെ കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതുമൂലം ഉണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; | (ബി) | ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം ചെറുകിട ഉൽപ്പാദക സംഘങ്ങളിൽ നിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചതിൽ വിറ്റഴിക്കാതെ സ്റ്റോക്ക് ഇരിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് താഴെപ്പറയുന്ന രണ്ട് പദ്ധതികൾ പരിഗണനയിലാണ്.<br><br>1. കയർ കോർപ്പറേഷനിൽ വിറ്റഴിക്കാതെ സ്റ്റോക്കിരിക്കുന്ന 40 കോടി രൂപയുടെ ഉല്പന്നങ്ങൾ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം നിലവിൽ നൽകിവരുന്ന 10% ഡിസ്കൗണ്ട് ഉൾപ്പടെ പരമാവധി 20% ഡിസ്കൗണ്ടിൽ ലേലം നടത്തി വിറ്റഴിക്കുക.<br><br>2. വരുന്ന ഓണം, ഉത്സവകാലങ്ങൾ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് വൻതോതിൽ കയറുൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/കുടുംബശ്രീ എന്നിവ വഴി "സുവർണ്ണനാരിൻ സൗന്ദര്യം കേരളക്കരയാകെ" എന്ന പേരിൽ കേരളമാകെ കയർ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുക.<br><br>അന്തർദേശിയ പ്രദർശന വിപണന മേളയായ കയർ കേരള സംഘടിപ്പിക്കുന്നതു വഴി കയറുല്പന്നങ്ങൾക്ക് കൂടുതൽ ഓർഡറുകൾ ലഭിക്കുന്നതിന് മുൻ കാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്.<br><br>ഉല്പന്നങ്ങളിൽ വിപണന സാധ്യത ഏറ്റവും കൂടുതലുള്ള കയർ ഭൂവസ്ത്രത്തിന്റെ വിപണി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനായി എം.ജി.എൻ.ആർ.ഇ. ജി.എസ്.-മായി ചേർന്ന് മണ്ണ്-ജല-സംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രപദ്ധതി നടപ്പാക്കി വരുന്നു. കയർ ഭൂവസ്ത്രത്തിന് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി കയർ വകുപ്പിലെ ജീവനക്കാർ പഞ്ചായത്തുകൾ സന്ദർശിച്ച് ഓർഡറുകൾ ശേഖരിക്കുന്നതിനായി ഒരു മാർക്കറ്റിംഗ് ക്യാംപയിൻ സംഘടിപ്പിക്കുക വഴി മുൻ കാലങ്ങളെ അപേക്ഷിച്ച് കയർ ഭൂവസ്ത്രത്തിന്റെ ഓർഡറുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>കേരളത്തിലെ സപ്ലൈകോ, കൺസ്യൂമർഫെഡ് വിൽപ്പനശാലകളിലും റിലയൻസ്, വിശാൽ മെഗാമാർട്ട്, ഡി മാർട്ട് തുടങ്ങിയ ആഭ്യന്തര വിൽപ്പന ശ്രേണിയിലൂടെയും വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കയർ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. |
| (സി) | റോഡ് നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ചർച്ച നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | റോഡ് നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ചർച്ച നടത്തി പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന മാറ്റുകൾ കയർ ഉപയോഗിച്ചുള്ളതാക്കാനും അതുവഴി കയർ ഉല്പന്നങ്ങൾക്ക് കൂടുതൽ മാർക്കറ്റ് നേടാനും കഴിയുന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും ഗവൺമെന്റ് സെക്രട്ടറിയേറ്റിലും ഫർണീഷിംഗ് ആവശ്യങ്ങൾക്ക് പരമാവധി കയർ ഉൽപ്പന്നങ്ങൾ ഉപയോഗിക്കണമെന്നും പഴകി ദ്രവിച്ച ചവിട്ടികളും തടുക്കുകളും പായയും മാറ്റി പുതിയ കയർ ഉൽപ്പന്നങ്ങൾ വാങ്ങി ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും കയർ ഉൽപ്പന്നങ്ങൾ ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകിയും സ.ഉ. (കൈ) നം.62/2017/വ്യവ. തീയതി 07.07.17 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ